# റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ

**www.rbi.org.in**

എപ്രിൽ 17, 2017

## ലഖ്നോവിലെ എച്ച്സിബിഎൽ (HCBL) സഹകരണ ബാങ്കിനെതിരെ ആർബിഐ പുറപ്പെടുവിച്ചിരുന്ന നിയന്ത്രണ നിർദ്ദേശങ്ങൾ ദീർഘിപ്പിച്ചു.

റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ ലഖ്നോവിലെ HCBL സഹകരണ ബാങ്ക് ലിമിറ്റഡിനെതിരെ പുറപ്പെടുവിച്ചിരുന്ന നിയന്ത്രണ നിർദ്ദേശങ്ങൾ 2017 എപ്രിൽ 16 മുതൽ 2017 ഒക്ടോബർ 15 വരെ, ആറുമാസക്കാലത്തേയ്ക്കുകൂടി, പുനരവലോകനത്തിന് വിധേയമായി, ദീർഘിപ്പിച്ചിരിക്കുന്നു. 1949-ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് (AACS) സെക്ഷൻ 35 A പ്രകാരം, ഈ ബാങ്ക്, 2015 എപ്രിൽ 10 ന് പുറപ്പെടുവിച്ച ഉത്തരവിൻ പ്രകാരം, 2015 എപ്രിൽ 16 മുതൽ നിർദ്ദേശങ്ങൾക്ക് വിധേയമായിരുന്നു. മുകളിൽ പറഞ്ഞിരിക്കുന്ന ഉത്തരവ് ഭേദഗതിചെയ്തു, കാലാവധി 2017, എപ്രിൽ 15 വരെ നീട്ടിയിരുന്നു. 2017 എപ്രിൽ 10 ലെ ഉത്തരവനുസരിച്ച് ഇത് 2017 ഒക്ടോബർ 15 വരെ തുടർന്നും നീട്ടിയിരിക്കുന്നു. ഉത്തരവിലെ മറ്റ് നിർദ്ദേശങ്ങളും വ്യവസ്ഥകളും മാറ്റമില്ലാതെ തുടരും. 2017 എപ്രിൽ 10 ലെ റിസർവ് ബാങ്ക് ഉത്തരവിന്റെ കോപ്പി പൊതുജനങ്ങൾ വായിച്ചറിയുവാൻവേണ്ടി, ബാങ്കിന്റെ മന്ദിരത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്.

പരിതസ്ഥിതികൾക്കനുസൃതമായി, മാറ്റങ്ങൾ വരുത്തുന്നത് റിസർവ് ബാങ്ക് പരിഗണിക്കുന്നതാണ്.

**അജിത് പ്രസാദ്**

പ്രസ്സ് റിലീസ് 2016-2017/2793 — അസിസ്റ്റന്റ് അഡ്വൈസർ